**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 58** **08-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ തനതായ മാതൃകകളും നൂതന പദ്ധതികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വാഴൂർ സോമൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയിൽ തനതായ മാതൃകകളും നൂതന പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യവസായം, ഉപഭോക്തൃസേവനം, ഭവനനിർമ്മാണം എന്നീ മേഖലകളിൽ സഹകരണ പ്രസ്ഥാനങ്ങളുടെ ഇടപെടൽ കൂടുതൽ ശക്തമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സഹകരണ മേഖലയുടെ സമഗ്ര വികസന ലക്ഷ്യമിട്ട് നൂതന മാതൃകകളും പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. സഹകരണ മേഖലയുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുക, നിക്ഷേപങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് സുസ്ഥിര വികസനം ഉറപ്പ് വരുത്തുക, ആഡിറ്റ് നവീകരിക്കുക, ദുർബല സംഘങ്ങളെ ശാസ്ത്രീയ രീതിയിൽ നവീകരിക്കുക, എന്നിവ ലക്ഷ്യമിട്ട് സമഗ്ര സഹകരണ നിയമ ഭേദഗതി ഇതിനകം അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന പദ്ധതികളാണ് അംഗീകരിച്ച് നടപ്പാക്കിവരുന്നത്.<br><br>1. **<u>കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി</u>**<br>അസാധാരണ സാഹചര്യങ്ങൾ മൂലം പ്രവർത്തനരഹിതമായതോ, പിന്നോക്കാവസ്ഥയിലുള്ളതോ, സാമ്പത്തിക പ്രതിസന്ധിയുള്ളതോ ആയ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ലക്ഷ്യമിട്ട തയ്യാറാക്കിയ പദ്ധതിയാണ് കേരള സഹകരണ സംഘം പുനരുദ്ധാരണ പദ്ധതി.<br>2. **<u>സുസ്ഥിര വികസനം ലക്ഷ്യമിട്ട താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.</u>**<br>സ്നേഹതീരം, സഹായ ഹസ്തം പദ്ധതി, നൈപുണ്യ വായ്പാ പദ്ധതി, സൗരജ്യോതി പദ്ധതി, ശുചിത്വ സഹകരണം പദ്ധതി.<br>3. **<u>വനിതാ സഹകരണ സംഘങ്ങളെ ഉല്പാദന യൂണിറ്റുകളാക്കുന്ന പദ്ധതി.</u>**<br>സംസ്ഥാനത്തെ വനിതാ സഹകരണ സംഘങ്ങളെ വ്യവസായ വകുപ്പിന്റെ സാമ്പത്തിക, സാങ്കേതിക |

സഹായത്തോടുകൂടി ഉല്പാദന യൂണിറ്റുകളാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

4. കൃഷിയിൽ സാങ്കേതിക വിദ്യാധിഷ്ഠിത നടപടികൾ സ്വീകരിച്ച്, കാർഷിക മേഖലയിൽ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു. ഉല്പാദനവർദ്ധനവ്, സംസ്കരണം, വിതരണം എന്നിവ ഈ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്നു.
5. സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു.
6. സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
7. സഹകരണ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.
8. സഹകരണ സ്ഥാപനങ്ങളിൽ ഒരു സോഫ്റ്റ്‌വെയർ ഏർപ്പെടുത്തുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

വിവിധ സഹകരണസംഘങ്ങളുടെ പ്രവർത്തനം ഉപഭോക്തൃസേവനം, ഭവനനിർമ്മാണം തുടങ്ങിയ വിവിധ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇപ്രകാരം സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം

- കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ഉല്പന്നങ്ങൾ, മരുന്നുകൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവ ഉപഭോക്താക്കൾക്ക് നൽകുന്നതിലും സ്വകാര്യ ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കുന്നതിലും ഉപഭോക്തൃ സഹകരണ സംഘങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കുതിച്ചുയരുന്ന വിലനിലവാരത്തിൽ നിന്ന് താഴെത്തട്ടിലുള്ള ജനങ്ങളെ സംരക്ഷിക്കുന്നതിനായി അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകാനും പദ്ധതി ഉദ്ദേശിക്കുന്നു. ടി

പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന ഉപഘടകങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷന്റെ നിശ്ചിതമായ പദ്ധതികൾക്കു വേണ്ടിയുള്ള സഹായം.
2. ഗ്രാമ നഗര പ്രദേശങ്ങളിൽ ഉള്ള ഉപഭോക്തൃ സംഘങ്ങളുടെ വികസനം.
3. സഹകരണ ക്യാന്റീനുകൾക്ക് ഓഹരി മൂലധനം.
4. ഇന്ത്യൻ കോഫി ഹൗസിന്റെ ആധുനികവത്ക്കരണത്തിനായി ഓഹരി, വായ്പ, സബ്സിഡി എന്നീ രീതികളിലുള്ള സഹായം.
5. സ്കൂൾ, കോളേജ്, സർവ്വകലാശാല സഹകരണ സംഘങ്ങളുടെ പുനർജ്ജീവനത്തിനും പ്രോൽസാഹനത്തിനും വേണ്ടിയുള്ള സഹായം (സബ്സിഡി/ഓഹരി).
6. സ്കൂൾ സ്റ്റോറുകൾ, സർവ്വകലാശാല സഹകരണ സ്റ്റോറുകൾ, പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ, ജില്ലാതല മൊത്തവ്യാപാര സഹകരണ സ്റ്റോറുകൾ എന്നിവയുടെ പുനഃസംഘാടനം/ പുനരുദ്ധാരണം.
7. പ്രാഥമിക സഹകരണ സംഘങ്ങൾ കേരള സംസ്ഥാന സഹകരണ ഉപഭോക്തൃ ഫെഡറേഷൻ എന്നിവ നടത്തുന്ന നീതി സ്റ്റോറുകൾക്കും/നീതി മെഡിക്കൽ സ്റ്റോറുകൾക്കും ഓഹരി, പലിശരഹിത വായ്പാ, സബ്സിഡി എന്നീ രീതികളിലുള്ള സഹായം.
8. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ, കോളേജ്, സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുക.

<u>2. പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം</u>

പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ മുഖേനയാണ് സഹകരണ മേഖലയിൽ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത്. പ്രാഥമിക ഭവന നിർമ്മാണ സംഘങ്ങൾക്ക് അവയുടെ പ്രവർത്തനം വികസിപ്പിക്കുന്നതിനായി എൽ.ഐ.സി. ഹഡ്കോ, നാഷണൽ ഹൗസിംഗ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഫെഡറേഷൻ വഴി

| | | | |
|---|---|---|---|
| | | | വായ്പയെടുക്കാൻ ഉതകുന്ന തരത്തിൽ ആവശ്യമായ ഓഹരി മൂലധനം സ്വരൂപിക്കാൻ സഹായം നൽകുന്നതിനാണ് വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | വിദേശ രാജ്യങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും നൈപുണ്യം നാടിന് പ്രയോജനപ്പെടുത്തുന്നതിന് സഹകരണ മേഖലയിൽ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | യുവജനങ്ങളുടെ നൈപുണ്യം നാടിന് പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി യുവജന സഹകരണ സംഘങ്ങൾക്ക് ചുവടെപ്പറയുന്ന പദ്ധതികൾക്കായി ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്.<br><br>• മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായം.<br>• വ്യവസായ വകുപ്പുമായി സഹകരിച്ചു കൊണ്ട് ആധുനിക ഉപകരണങ്ങളുടെ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമുള്ള സഹായം.<br><br>ഗിഗ് തൊഴിലാളികൾ, ഐടി പ്രൊഫഷണലുകൾ, അസംഘടിത മേഖലകളിൽ നിന്നുള്ള തൊഴിലാളികൾ എന്നിങ്ങനെയുള്ള അസംഘടിത തൊഴിലാളികൾക്കായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സഹായം.<br><br>വിദ്യാഭ്യാസ മേഖലയിൽ പുത്തനുണർവ്വ് ലക്ഷ്യമാക്കി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളാണ് കെ.ബി. വിദ്യാമിത്ര & കെ.ബി വിദ്യാമിത്ര പ്രൈം.<br><br>ഉന്നത വിദ്യാഭ്യാസം പൂർത്തീകരിച്ചതിന് ശേഷം സ്വന്തമായി തൊഴിൽ മേഖല ആരംഭിക്കുന്ന യുവജനങ്ങൾക്കായുള്ള KB-Yuvamithra MSME, KB SMART, എന്നീ വായ്പാ പദ്ധതികളും സർക്കാർ സബ്സിഡിയോടെ നടപ്പിലാക്കി വരുന്ന തൊഴിൽ ദായക പദ്ധതികളായ PMEGP, PMFME തുടങ്ങിയ വായ്പാ പദ്ധതികളും വിജയകരമായി നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികളുടേയും യുവജനങ്ങളുടേയും നൈപുണ്യം നാടിന് പ്രയോജനപ്പെടുന്ന തരത്തിലുള്ള പുതിയ വായ്പാ പദ്ധതികളും കേരള ബാങ്കിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | തൊഴിലന്വേഷകരുടെ നൈപുണ്യശേഷി വികസിപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും കോഴ്സ് ഫീ വായ്പയായി നൽകുന്ന പദ്ധതി സഹകരണ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സർക്കാരിന്റെ നേതൃത്വത്തിൽ നടത്തിയ മൂന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ എന്നിവ മുഖാന്തിരം ASAP- KERALA, KASE, ODEPEC, GIFT എന്നിവ നടത്തുന്ന വിവിധ കോഴ്സുകളിൽ വിദ്യാർത്ഥികൾക്കും, ഉദ്യോഗാർത്ഥികൾക്കും പരിശീലനം ലഭിക്കുന്നതിനുള്ള കോഴ്സ് ഫീ വായ്പയായി |

| | | | |
|---|---|---|---|
| | | | നൽകുന്നതിനായി "നൈപുണ്യം" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ നടത്തുന്ന വിവിധ കോഴ്സുകളിൽ പരിശീലനം ലഭിക്കുന്നതിനും പ്രസ്തുത കോഴ്സിനു ശേഷം തിരിച്ചടവ് തുടങ്ങുന്നതിനുമാണ് നിലവിൽ പ്രസ്തുത പദ്ധതി പ്രകാരം ഉദ്ദേശിച്ചിട്ടുള്ളത്. കോഴ്സ് ഫീസായി പരമാവധി ഒന്നര ലക്ഷം രൂപ ഈ പദ്ധതി പ്രകാരം അനുവദിക്കാവുന്നതാണ്. 10% ൽ അധികരിക്കാത്ത പലിശ നിരക്കും ലളിതമായ ജാമ്യ വ്യവസ്ഥകളുമാണ് ഈ വായ്പയ്ക്ക് നിശ്ചയിച്ചിട്ടുള്ളത്. കോഴ്സ് തീർന്ന് 6 മാസത്തിന് ശേഷമോ, ജോലി ലഭിച്ച് 3 മാസത്തിന് ശേഷമോ ഏതാണ് ആദ്യം വരുന്നത് അന്ന് മുതൽ ആണ് വായ്പ തുക തിരിച്ചടയ്ക്കേണ്ടത്. വായ്പാക്കാലാവധി വായ്പയായി നൽകുന്ന തുക അനുസരിച്ച് പരമാവധി 36 മാസമായിരിക്കും. വായ്പ ലഭിക്കേണ്ട വ്യക്തി താമസിക്കുന്ന പ്രദേശം പ്രവർത്തന പരിധിയായി വരുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം/ ബാങ്കിൽ വായ്പ ലഭിക്കുന്നതിനായി സമീപിക്കാവുന്നതാണ്. ടി വായ്പകൾക്ക് പ്രോസസിംഗ് ചാർജ്ജ് ഈടാക്കാൻ പാടില്ലയെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. വായ്പാത്തുക പ്രസ്തുത സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റ്/ പ്രോസ്പെക്ടസ് എന്നിവയുടെ അടിസ്ഥാനത്തിൽ ആവശ്യാനുസരണം സ്ഥാപനത്തിന് നേരിട്ട് നൽകി ഉറപ്പ് വരുത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. നാളിതു വരെ സംസ്ഥാനത്ത് ആകെ 42 വായ്പകളിലായി 20,17,000/- രൂപ ടി പദ്ധതി പ്രകാരം വായ്പയായി നൽകിയിട്ടുണ്ട്.<br><br>സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (ASAP) വിവിധ നൈപുണ്യ വികസന കോഴ്സുകളിലേയ്ക്ക് പ്രവേശനം നേടുന്ന വ്യക്തികൾക്ക് അനുവദിക്കുന്ന വായ്പയായ KB-Skill Loan ബാങ്കിലൂടെ നടപ്പിലാക്കി വരുന്നു. തൊഴിലധിഷ്ഠിത നൈപുണ്യ വികസനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പരിശീലനം നൽകുന്നതിന് കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണിത്. |

സെക്ഷൻ ഓഫീസർ